# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


## സംഗ്രഹം

സംസ്ഥാന സർക്കാരിന്റെ (GPAIS) ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി - പുതുക്കി നൽകാത്ത സാഹചര്യത്തിൽ പുതിയ പദ്ധതി നടപ്പാക്കുന്നത് - സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി) നം· 215 /2021 (പി.എസ്.8/ജി.എൽ/ജി.പി.എ.ഐ.എസ്/ 2020-21

തിരുവനന്തപുരം, തീയതി. 23/03/2021

പരാമർശം:- 1) 23.11.2010 – ലെ സ.ഉ (പി) നമ്പർ 616/2010/ധന.

2) G.O (P) No.150/2020/Fin dated 05/11/2020.

3) 30.05.2019 ലെ സർക്കലർ നമ്പർ (57/2019/ധന.

4) 18.11.2019 ലെ സ.ഉ. (അച്ചടി) നം. 159/2019/ധന.

5) G.O (Rt) No.6803/2020/Fin dated 23.11.2020.

6) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് 14/12/2020, 3/12/2020 & 13/01/2021 എന്നീ തീയതികളിൽ സെക്രട്ടറി (ഭരണം) നൽകിയ PS8/GL/GPAIS/2019/നമ്പർ കത്ത്.

7) ബോർഡ് ഉത്തരവ് (FTD) No.101/202/ (PS8/GL/GPAIS/2020) dated 04.02.2021..

8) ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22/02/2021 – ലെ പി.യു.എ 2/153/2020/ധന (E -1655057) നമ്പർ കത്ത്.

9) 15.03.2021 ലെ ഇതേ നമ്പർ കുറിപ്പിന്മേലുള്ള CMD യുടെ നിർദ്ദേശം.

10) ചീഫ് പേഴ്സണൽ ഓഫീസർ മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച പി.എസ്.8/ജി.എൽ/ ജി.പി.എ.ഐ.എസ്)/2010-21 തീയതി 17.03.2021 നമ്പർ കുറിപ്പ് (അജണ്ട 49/3/21)

## ഉത്തരവ്

കേരള സർക്കാർ 2007 – ൽ നടപ്പിലാക്കിയ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് സ്കീം (ജി.പി.എ.ഐ.എസ്) പദ്ധതി സൂചന (1) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2010 മുതൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കുകയും KSEBL ആവശ്യപ്പെട്ടതു പരിഗണിച്ച് 2010 മുതൽ KSEB Ltd ലും നടപ്പിലാക്കുകയുമുണ്ടായി. കാലാകാലങ്ങളിൽ പ്രീമിയത്തിലുള്ള വർദ്ധനവിലും ഉപാധികളിലും നിബന്ധനകളിലും ഉണ്ടാകുന്ന മാറ്റങ്ങൾ KSEBL നും ബാധകമാക്കിവരുന്നു. നിലവിൽ 2021 വർഷം KSEBL, KSRTC എന്നിവിടങ്ങളിലെ ജീവനക്കാർക്ക് യഥാക്രമം (850 + GST), 550 രൂപയും കേരള സർവ്വീസ് ചട്ടത്തിന്റെ പരിധിയിൽ വരുന്നതും SLI, GIS എന്നിവയിൽ വരിസംഖ്യ ഒടുക്കി വരുന്നതുമായ മറ്റ്

ജീവനക്കാർക്ക് 400/- രൂപ ക്രമത്തിലുമായി വാർഷിക പ്രീമിയം അടച്ചുവരുന്നുണ്ട്. ടി പദ്ധതിയുടെ വാഗ്ദത്ത ഇൻഷ്വറൻസ് പരിരക്ഷ തുക 10 ലക്ഷം രൂപയാണ്.

2020 വർഷ കാലയളവിൽ (01.01.2020 to 31.12.2020) സർക്കാർ സൂചന (2) പ്രകാരം ടി പദ്ധതിയിൽ ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പുതുക്കി നടപ്പാക്കുന്നതിന് SLI, GIS പദ്ധതികളിൽ അംഗത്വം നേടിയിരിക്കണമെന്ന് സൂചന (3) പരിപത്രവും സൂചന (4) സർക്കാർ ഉത്തരവ് പ്രകാരം ധനകാര്യവകുപ്പ് കർശന നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ 2020 വർഷത്തേക്ക് GPAIS പ്രീമിയം തുക അടച്ച് പദ്ധതി പുതുക്കുകയുണ്ടായി 2021 വർഷത്തെ GPAIS പദ്ധതി പുതുക്കുന്നതു സംബന്ധിച്ച് സൂചന (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ SLI, GIS പദ്ധതികളിലെ അംഗത്വത്തിൽ നിന്ന് ഒഴിവാക്കില്ല എന്നറിയിച്ചിട്ടുണ്ട്. പ്രസ്തുത വിഷയം അംഗീകൃത തൊഴിലാളി / ഓഫീസർ സംഘടനാ പ്രതിനിധികളുമായി പലതവണ നടത്തിയ ചർച്ചയിലെ പൊതുവായ തീരുമാനം അനുസരിച്ച് SLI, GIS പദ്ധതികളിലെ നിർബന്ധിത അംഗത്വത്തിൽ നിന്ന് KSEBL നെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിന് സൂചന (6) പ്രകാരം കത്തുകൾ നൽകുകയുണ്ടായി.

ഈ വർഷത്തെ പ്രീമിയമായി KSEBL – ലെ ജീവനക്കാരിൽ നിന്നും കിഴിവുനടത്തിയ തുക സസ്പെൻസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനാൽ ഈ വിഷയം ഫുൾ ടൈം ഡയറക്ടർമാർ പരിശോധിക്കുകയും സർക്കാരിൽ നിന്നും, SLI, GIS പദ്ധതികളിലെ നിർബന്ധിത അംഗത്വത്തിൽ നിന്ന് ഒഴിവാക്കുന്നതു സംബന്ധിച്ച് അനുകൂല തീരുമാനം ലഭിക്കാത്ത സാഹചര്യത്തിൽ GPAIS പദ്ധതി വെൽഫയർ ഫണ്ടുമായി ബന്ധപ്പെടുത്തിയോ അല്ലായെങ്കിൽ KSEBL നേരിട്ടോ നടപ്പാക്കാൻ വേണ്ട നിർദ്ദേശങ്ങൾ തയ്യാറാക്കി ബോർഡ് തലത്തിൽ പരിഗണനക്കായി സമർപ്പിക്കാൻ സൂചന (7) പ്രകാരം തീരുമാനിക്കുകയുമുണ്ടായി.

GPAIS അംഗത്വം ലഭിക്കുന്നതിന് SLI, GIS, പദ്ധതികളിൽ അംഗത്വം എടുത്തിരിക്കണമെന്ന നിബന്ധനയിൽ നിന്നും KSEBL ജീവനക്കാരെ മാത്രമായി ഒഴിവാക്കുന്ന പക്ഷം മറ്റു സമാന സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യം ഉന്നയിക്കപ്പെടുന്നതിനും ആയതുവഴി തെറ്റായ കീഴ്-വഴക്കം സൃഷ്ടിക്കപ്പെടുന്നതിനു ഇടവരുത്തുമെന്നും ആയത് ഇൻഷ്വറൻസ് ബിസ്സിനസ്സിനെ പ്രതികൂലമായി ബാധിക്കുമെന്നും. ആയതിനാൽ KSEB Ltd ജീവനക്കാരുടെ പ്രീമിയം തുക കുറവുവരുത്തണമെന്നും SLI, GIS പദ്ധതികളിൽ KSEBL ജീവനക്കാരെ നിർബന്ധിത അംഗത്വം നേടുന്നതിൽ നിന്നും ഒഴിവാക്കണമെന്നുമുള്ള ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെന്ന് മേൽ സൂചന (8) പ്രകാരം സർക്കാരിൽ നിന്നും അറിയിപ്പ് ലഭിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ സൂചന (7) ലെ നിർദ്ദേശ പ്രകാരം GPAIS പദ്ധതിക്കുപകരം KSEBL നേരിട്ടു നടത്തുന്ന പദ്ധതി, KSEB EWF മായി ബന്ധപ്പെടുത്തി നടത്തുന്ന പദ്ധതി സംബന്ധിച്ചുള്ള രൂപരേഖകൾ ഉൾപ്പെടുത്തി സൂചന (9) പ്രകാരം ചെയർമാൻ മാനേജിംഗ് ഡയറക്ടർമാർക്ക് മുമ്പാകെ സമർപ്പിച്ച കുറിപ്പിൽ ടി വിഷയം ഫുൾ ടൈം ഡയറക്ടർമാരുടെ പരിഗണനക്കായി സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി.

ഇതനുസരിച്ച് മേൽ വിഷയം സൂചന 10 കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.

പ്രസ്തുത വിഷയം 17.03.2021 ൽ കൂടിയ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിശദമായി പരിശോധിയ്ക്കുകയും GPAIS പദ്ധതിക്കുപകരമായി KSEB വെൽഫയർ ഫണ്ട് മുഖാന്തിരം പുതിയ അപകട ആശ്വാസധനസഹായ പദ്ധതി (KSEB EWF Accident Relief Assistance Scheme) ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി വെൽഫയർ ഫണ്ടിന്റെ അടുത്ത ഭരണസമതിയുടെ യോഗത്തിന്റെ പരിഗണനയ്ക്കായി നൽകാൻ തീരുമാനിയ്ക്കുകയും ചെയ്തു. പുതിയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശം ഭരണസമതിയുടെ അംഗീകാരത്തിനുശേഷം KSEBL പുറപ്പെടുവിക്കുന്നതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

**ഒപ്പ്**
**ലേഖ. ജി**
**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

ചീഫ് പേഴ്സണൽ ഓഫീസർ
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും/
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/
എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും

പകർപ്പ് :- ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ) ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
സി. എ ടു കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
സി. എ ടു ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിന് പ്രകാരം

Bindu

സീനിയർ സൂപ്രണ്ട്